# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/206/2016 പത്രക്കുറിപ്പ് 2016 സെപ്തംബർ 27

## നാളത്തെ പരീക്ഷ മാറ്റി

നാളെ (സെപ്തംബർ 29) നടത്തുവാൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.ബി.എ, മൂന്നാം വർഷ ബി.പി.റ്റി പരീക്ഷകൾ സർവ്വകലാശാലാ യൂണിയൻ തെരഞ്ഞെടുപ്പ് മൂലം മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട്.

## എം.ജി പി.ജി ഏകജാലക പ്രവേശനം: എസ്.സി./എസ്.ടി പ്രത്യേക അലോട്ട്മെന്റ്, ഓപ്ഷൻ രജിസ്ട്രേഷൻ സെപ്തംബർ 29 വരെ

എം.ജി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളജുകളിലെ വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് സ്പെഷ്യൽ അലോട്ട്മെന്റ് നടത്തും. ഇതിനായി സെപ്തംബർ 28, 29 തീയതികളിൽ പുതുതായി ഓപ്ഷൻ നൽകാം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം എസ്.സി/എസ്.ടി അപേക്ഷകർക്കും പങ്കെടുക്കാം. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോടമെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ് സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാം. പിന്നീടുള്ള ആവശ്യങ്ങൾക്കായി പുതിയതായി ലഭിച്ച ആപ്ലിക്കേഷൻ നമ്പർ സൂക്ഷിക്കണം. അപേക്ഷകന് നേരത്തെ നൽകിയ അപേക്ഷയിലെ തെറ്റുകൾ തിരുത്താവുന്നതും പുതുതായി ഓപ്ഷൻ നൽകാവുന്നതുമാണ്. മേൽ വിഭാഗത്തിൽ പെടാത്തവർക്ക് പുതുതായി ഫീസൊടുക്കി സ്പെഷ്യൽ അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. സ്പെഷ്യൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ സെപ്തംബർ 28ന് പ്രസിദ്ധീകരിക്കും. സ്പെഷ്യൽ അലോട്ട്മെന്റ് ലിസ്റ്റ് ഒക്ടോബർ 1ന് പ്രസിദ്ധീകരിക്കും. പ്രത്യേക അലോട്ട്മെന്റ് സ്പോട് അലോട്ട്മെന്റല്ല.

ഒന്നാം ഓപ്ഷൻ വഴി വിവിധ പി.ജി പ്രോഗ്രാമുകളിൽ സ്ഥിര പ്രവേശനം നേടിയ അപേക്ഷകർക്കൊന്നും തന്നെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കായിട്ടുള്ള സ്പെഷ്യൽ അലോട്ട്മെന്റിൽ അപേക്ഷിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ലാത്തതിനാൽ അത്തരം അപേക്ഷകർ സ്പെഷ്യൽ അലോട്ട്മെന്റിൽ അപേക്ഷിക്കാൻ പാടുള്ളതല്ല.

## ബി.ടെക്/ബി.ആർക് ഡിഗ്രി പരീക്ഷകൾ

ബി.ടെക് – മൂന്നാം സെമസ്റ്റർ (പുതിയ സ്കീം – 2014 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2010, 2011, 2012, 2013 അഡ്മിഷൻ സപ്ലിമെന്ററി), അഞ്ചാം സെമസ്റ്റർ (പുതിയ സ്കീം – 2014 അഡ്മിഷൻ റഗുലർ, 2013 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2010, 2011, 2012 അഡ്മിഷൻ സപ്ലിമെന്ററി), ഏഴാം സെമസ്റ്റർ (പുതിയ സ്കീം – 2013 അഡ്മിഷൻ റഗുലർ, 2010, 2011, 2012 അഡ്മിഷൻ സപ്ലിമെന്ററി), എട്ടാം സെമസ്റ്റർ (പുതിയ സ്കീം – 2010, 2011, 2012 അഡ്മിഷൻ സപ്ലിമെന്ററി), മൂന്നും അഞ്ചും ഏഴും എട്ടും സെമസ്റ്റർ (പഴയ സ്കീം – 2009 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളും, മൂന്നും അഞ്ചും ഏഴും എട്ടും സെമസ്റ്റർ ബി.ടെക് (2002 മുതൽ 2008 വരെ അഡ്മിഷൻ – മേഴ്സി ചാൻസ് /1997–2001 അഡ്മിഷൻ വിദ്യാർത്ഥികളുടെ 2002 സ്കീം തത്തുല്യം) പരീക്ഷകളും, ബി.ആർക് മൂന്നാം സെമസ്റ്റർ (2015 അഡ്മിഷൻ റഗുലർ, 2014 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2011, 2012, 2013 അഡ്മിഷൻ സപ്ലിമെന്ററി), അഞ്ചാം സെമസ്റ്റർ (2014 അഡ്മിഷൻ റഗുലർ/2013 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി/2011, 2012 അഡ്മിഷൻ സപ്ലിമെന്ററി), ഒൻപതാം സെമസ്റ്റർ (2012 അഡ്മിഷൻ റഗുലർ, 2011 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളും നവംബർ 10ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 6 വരെയും 50 രൂപ പിഴയോടെ 7 വരെയും 500 രൂപ

സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും. മേഴ്സി ചാൻസ് പരീക്ഷകൾക്ക് പരീക്ഷാ ഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമെ സ്പെഷ്യൽ ഫീസും അടയ്ക്കണം. 2008 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് 5000 രൂപയും, 2002–2007 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് ആദ്യതവണ മേഴ്സി ചാൻസ് പരീക്ഷയ്ക്ക് 7000 രൂപയും 2002–2006 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് രണ്ട്/അവസാന മേഴ്സി ചാൻസ് പരീക്ഷയ്ക്ക് 10000 രൂപയും, 1997–2001 അഡ്മിഷൻ വിദ്യാർത്ഥികൾ 10000 രൂപയുമാണ് സ്പെഷ്യൽ ഫീസായി അടയ്ക്കേണ്ടത്. എല്ലാ പരീക്ഷകൾക്കും സ്പെഷ്യൽ ഫീസ് ഒരു തവണ അടച്ചാൽ മതിയാകും.

## പരീക്ഷാ ഫലം

2016 ജൂൺ മാസം കെ.എൻ.രാജ് സ്റ്റഡി സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ രീതിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2016 ജൂൺ മാസം നടത്തിയ ഒന്നാം വർഷ ബി.എസ്.സി മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 13 വരെ സ്വീകരിക്കും.

2016 ജൂലൈ മാസം നടത്തിയ മൂന്നാം വർഷ ബി.ഫാം (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 13 വരെ സ്വീകരിക്കും.

## എം.ടെക് അപ്ലൈഡ് ഇലക്ട്രോണിക്സ് സ്പോട്ട് അഡ്മിഷൻ

തൊടുപുഴ യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളജിൽ 2016–17 അദ്ധ്യയന വർഷത്തിലേക്കുള്ള എം.ടെക് അപ്ലൈഡ് ഇലക്ട്രോണിക്സ് സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 3ന് (തിങ്കളാഴ്ച) കോളജിൽ വച്ച് നടത്തും. ബന്ധപ്പെട്ട ബി.ടെക് വിഷയത്തിൽ 60 ശതമാനം മാർക്കാണ് യോഗ്യത. അവസാന വർഷ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. എസ്.സി./എസ്.ടി വിഭാഗത്തിന് യോഗ്യതയിൽ ഇളവും ഫീസാനുകൂല്യവും ലഭിക്കും. ഫോൺ 04862–256222/9447740696.

## ഏകദിന സെമിനാർ നടത്തി

എം.ജി സർവ്വകലാശാലയുടെ ധനസഹായത്തോടെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ കുടമാളൂർ യു.സി.റ്റി.ഇ സെന്ററിൽ വച്ച് വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തെക്കുറിച്ച് ഏകദിന സെമിനാർ സംഘടിപ്പിച്ചു. ബ്യൂറോ ചീഫ് പ്രൊഫ. റ്റി.വി. തുളസീധരൻ ഉദ്ഘാടനം ചെയ്തു. മാവേലിക്കര ഇൻസൈറ്റ് മിഷൻ ഡയറക്ടർ സുനിൽ ഡി. കുരുവിള ക്ലാസ് നയിച്ചു. പ്രിൻസിപ്പൽ സുജ. പി. ഏബ്രഹാം, ഡെപ്യൂട്ടി ചീഫ് ജയശങ്കർ പ്രസാദ് എന്നിവർ സംബന്ധിച്ചു.

## മാഗസിൻ എഡിറ്റേഴ്സ് ക്യാമ്പ്–2016

എം.ജി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് സർവ്വീസസും ഡിപ്പാർട്ട്മെന്റ് ഓഫ് പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗും സംയുക്തമായി ആലുവ യു.സി കോളജിൽ വച്ച് ഒക്ടോബർ 21, 22, 23 തീയതികളിൽ മാഗസിൻ എഡിറ്റേഴ്സ് ക്യാമ്പ് സംഘടിപ്പിക്കുന്നു. എൻട്രിഫോം സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും. കോളജ് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ എൻട്രി ഫോമുകൾ ഉടൻതന്നെ ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് സർവ്വീസസ്, എം.ജി സർവ്വകലാശാല, കോട്ടയം എന്ന വിലാസത്തിൽ ലഭിക്കണം. ആദ്യം അപേക്ഷിക്കുന്ന നാൽപത് പേർക്കാണ് ക്യാമ്പിൽ അംഗത്വം ലഭിക്കുക. കഴിഞ്ഞ വർഷം നടത്തിയ ബെസ്റ്റ് കോളജ് മാഗസിൻ മത്സരത്തിന്റെ അവാർഡുകൾ ക്യാമ്പ് ഉദ്ഘാടന യോഗത്തിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ വിതരണം ചെയ്യുന്നതാണ്.

## സ്പെഷ്യൽ വിജിലൻസ് സ്ക്വാഡ് മീറ്റിംഗ് നടത്തി

യൂണിവേഴ്സിറ്റി പരീക്ഷകളിൽ ക്രമക്കേടുകൾ തടയുന്നതിനായി പുനഃസംഘടിപ്പിച്ച സ്പെഷ്യൽ വിജിലൻസ് സ്ക്വാഡിലെ കൺവീനർമാരുടെയും മെമ്പർമാരുടെയും യോഗം സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. പരീക്ഷാ കൺവീനർ ഡോ. ആർ. പ്രഗാഷിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രൊ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ ഉദ്ഘാടനം ചെയ്തു. സിൻഡിക്കേറ്റ് പരീക്ഷാ കമ്മിറ്റി അംഗങ്ങൾ പങ്കെടുത്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)